പുതിയൊരു വർഷത്തിലേക്കാണ് നമ്മൾ പ്രവേശിക്കുന്നത്. വർഷം മാറുമ്പോൾ വീടിന്റെ ചുമരിൽ നിന്ന് പഴയ കലണ്ടർ മാറ്റി പുതിയ കലണ്ടർ വെക്കാൻ കൂട്ടുകാർക്കെല്ലാം നല്ല ഉൽസാഹമായിരിക്കും അല്ലേ..? ആ കലണ്ടർ ആരുണ്ടാക്കിയെന്നും എന്നുണ്ടാക്കിയെന്നും കൂട്ടുകാർ ആലോചിച്ചിട്ടുണ്ടോ..? അതേപ്പറ്റിയാണ് ഈ ലക്കത്തിൽ പറയാൻ പോകുന്നത്.







# കലണ്ടറിന്റെ കഥ

• ഹന്ന സിത്താര വാഹിദ്


ഇന്നു നമ്മൾ ഉപയോഗിക്കുന്ന കലണ്ടറിന്റെ തുടക്കം റോമൻ സാമ്രാജ്യത്തിൽ നിന്നാണ്. അന്നു മുതൽ പല മാറ്റങ്ങളിൽക്കൂടി കലണ്ടർ കടന്നുപോയി. ഏതു മാസത്തിലാണ് വർഷം തുടങ്ങുന്നതെന്നും ഓരോ മാസത്തിലും എത്ര ദിവസമുണ്ടാവണം എന്നതുമെല്ലാം ഒരുപാട് തവണ മാറ്റി നിർണയിച്ചു.

ഋതുക്കൾ മാറുന്നതിനോടനുസരിച്ച് കലണ്ടറിലെ തീയതികൾ യോജിക്കാതെ വന്നപ്പോഴാണ് കലണ്ടറിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് എല്ലാവർക്കും ബോധ്യമായത്. അങ്ങനെ പലതവണ ഇന്നത്തെ പൊതുകലണ്ടർ തിരുത്തേണ്ടി വന്നു. ഏറ്റവും ഒടുവിൽ കലണ്ടർ തിരുത്താൻ തീരുമാനമെടുത്തത് പോപ്പ് ഗ്രിഗറിയാണ്. അതുകൊണ്ടാണ് ഇന്നു നമ്മളുപയോഗിക്കുന്ന കലണ്ടറിന് ഗ്രിഗോറിയൻ കലണ്ടർ എന്ന് വിളിക്കുന്നത്. അതിനു മുമ്പ് ഉണ്ടായിരുന്നവയാണ് റോമൻ കലണ്ടറും ജൂലിയൻ കലണ്ടറുമൊക്കെ.

## റോമൻ കലണ്ടർ

കലണ്ടർ നിർമാണത്തിന്റെ ചരിത്രത്തിൽ പ്രധാന പങ്കുവഹിച്ചവരാണ് റോമാക്കാർ. റോമാ സാമ്രാജ്യം സ്ഥാപിച്ച റോമുലസും റീമസും ചേർന്ന് ബി.സി 738 ലാണ് ആദ്യത്തെ കലണ്ടർ നിർമിച്ചത് എന്ന് കരുതുന്നു. റോമുലസിന് പ്രിയപ്പെട്ട സംഖ്യയായിരുന്നു പത്ത്. അതിനാൽ റോമുലസ് വർഷത്തെ പത്ത് മാസമായി തിരിച്ചു. മാഴ്സ്(Mars), ഏപ്രിലസ്(Aprilis), മെയ്, ജുനോ(Juno) എന്നിവയായിരുന്നു ആദ്യമാസങ്ങളിൽ ചിലത്. ഇവ റോമൻ ദൈവങ്ങളെ സൂചിപ്പിക്കുന്നു. മാഴ്സ് യുദ്ധ ദേവനാണ്.

▸▸ കേരളത്തിലെ പ്രഥമ ഇക്കോടൂറിസം കേന്ദ്രം– തെൻമല




അഫ്രോഡൈറ്റ്, വീനസ് എന്നിവരിൽ നിന്നാണ് ഏപ്രിൽ ഉണ്ടായത്. മെയസ് ദേവതയിൽ നിന്നാണ് മെയ് ഉണ്ടായത്. ജൂനോ ദേവതകളുടെ രാജ്ഞിയാണ്. 35 വർഷം റോമുലസിന്റെ കലണ്ടർ നിലനിന്നു.

ബി.സി 700–ൽ നുമ രാജാവ് രണ്ട് മാസങ്ങൾ കൂട്ടിച്ചേർത്ത് കലണ്ടർ പരിഷ്കരിച്ചു. ജനുവരിയസ്, ഫെബ്രുവാരിയസ് എന്നിവയായിരുന്നു കൂട്ടിച്ചേർത്ത മാസങ്ങൾ. ഈ കലണ്ടർ പരിഷ്കരിച്ചതാണ് ജൂലിയൻ കലണ്ടർ. സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങൾക്ക് ഏഴാമത്തെ മാസം, എട്ടാമത്തെ മാസം എന്നിങ്ങനെ അർത്ഥം വരുന്ന പേരുകളിട്ടു. ജൂലിയസ് സീസറിന്റെ പേരിലാണ് ജൂലൈ മാസം ഉണ്ടായത്. പിന്നീട് സീസറുടെ പിൻഗാമിയായ അഗസ്റ്റിസിനോടുള്ള ബഹുമാനസൂചനയായി ആഗസ്റ്റ് എന്ന് തൊട്ടടുത്ത മാസത്തിന് പേരിട്ടു. ആദ്യമാസങ്ങൾക്കെല്ലാം (ഫെബ്രുവരി ഒഴിച്ച്) റോമൻ ദൈവങ്ങളുടെ പേരുകളാണ് നൽകിയിരിക്കുന്നത്. ഫെബ്രുവ എന്ന ശുദ്ധീകരണ പെരുന്നാളിന്റെ അനുസ്മരണമായാണ് രണ്ടാമത്തെ മാസത്തിന് ആ പേരിട്ടത് എന്നു കരുതുന്നു.

## ജൂലിയൻ കലണ്ടർ


ഗ്രിഗോറിയൻ കലണ്ടറിന്റെ മുമ്പുണ്ടായിരുന്നതാണ് ജൂലിയൻ കലണ്ടർ. ജൂലിയസ് സീസർ റോമൻ കലണ്ടർ പരിഷ്കരിച്ചതാണ് ഇത്. ജൂലിയൻ കലണ്ടർ പ്രകാരം ജനുവരിയിൽ പുതുവർഷം തുടങ്ങി. അതിന് മുമ്പുള്ള കലണ്ടറിൽ മാർച്ചിലായിരുന്നു പുതുവർഷം. 12 മാസങ്ങൾ ചേർന്നതാണ് ഒരു വർഷം എന്ന് ജൂലിയൻ കലണ്ടർ വ്യക്തമാക്കുന്നു. ഈ കലണ്ടറിൽ അൽപം പരിഷ്കാരം വരുത്തിയതാണ് ഇന്നത്തെ ഗ്രിഗോറിയൻ കലണ്ടർ.

## ഗ്രിഗോറിയൻ കലണ്ടർ

ജൂലിയസ് സീസറിന്റെ കാലത്ത് പുതുക്കിയിരുന്ന കലണ്ടർ സംവിധാനത്തിൽ പതിനാറാം നൂറ്റാണ്ടിനു മുമ്പേ കാര്യമായ പ്രശ്നങ്ങൾ കണ്ടുതുടങ്ങിയിരുന്നു. എന്നാൽ അതിന് പരിഹാരം കാണാൻ ക്രിസ്റ്റഫർ ക്ലേവിയസിന്റെ സഹായത്തോടെ പോപ്പ് ഗ്രിഗറി അത് ശരിയാക്കാൻ തീരുമാനിച്ചത്. അങ്ങനെ 1582 ഒക്ടോബർ 4 കഴിഞ്ഞുള്ള ദിവസം ഒക്ടോബർ 5, വെള്ളിയാഴ്ച ആയിരിക്കില്ല എന്നും പകരം ഒക്ടോബർ 15 വെള്ളിയാഴ്ച ആയിരിക്കും എന്നും അദ്ദേഹം പ്രഖ്യാപിച്ചു. ജൂലിയൻ കലണ്ടറിൽനിന്നു ഗ്രിഗോറിയൻ കലണ്ടറിലേക്കു മാറിയതിന്റെ ഫലമായാണ്



*ജൂലിയസ് സീസർ*



*അഗസ്തസ് സീസർ*

▸▸ നിഷേധ വോട്ട് നടപ്പിലാക്കിയ ആദ്യ രാജ്യം– ഫ്രാൻസ്



*പോപ്പ് ഗ്രിഗറി*
*പതിമൂന്നാമൻ*

ഒക്ടോബർ വിപ്ലവം തുടങ്ങിയ ദിവസം പുതിയ കലണ്ടറിൽ നവംബറിലായത്. ഇന്ന് ലോകമെങ്ങും പ്രചാരത്തിലുള്ളത് ഗ്രിഗോറിയൻ കലണ്ടർ ആണ്. 1582 ഫെബ്രുവരി 24 -നാണ് ഈ കലണ്ടർ നിലവിൽ വന്നത്. പോപ് ഗ്രിഗറി പതിമൂന്നാമനാണ് ഈ കലണ്ടറിന് അംഗീകാരം നൽകിയത്.

ജൂലിയൻ കലണ്ടർ ഒരു വർഷത്തെ 365.25 ദിവസമായാണ് നിർണയിച്ചിരുന്നത്. യഥാർത്ഥത്തിൽ ഇത് പത്തേമുക്കാൽ മിനുറ്റ് കൂടുതലായിരുന്നു. ഈ ചെറിയ പിഴവ് 1582-ഓടെ പത്തുദിവസമായി വർദ്ധിച്ചു. ഇതിനാൽ ഈസ്റ്റർ ഞായറാഴ്ചക്ക് വ്യത്യാസം വരുമായിരുന്നു. സാധാരണ വസന്തകാലത്തിന് ശേഷമായിരുന്നു ഈസ്റ്റർ. ഇങ്ങനെ ഈസ്റ്റർ നീണ്ടുപോകുന്നത് ഒഴിവാക്കാൻ വേണ്ടിയാണ് പോപ് ഗ്രിഗറി കലണ്ടർ പരിഷ്കരിച്ചത്.

## ഈജിപ്ഷ്യൻ കലണ്ടർ

വർഷത്തിൽ 365 ദവസങ്ങളുണ്ടെന്നും മാസത്തിൽ 30 ദിവസമാണെന്നും വർഷത്തിൽ 12 മാസങ്ങളാണെന്നും തിരിച്ചത് ഈജിപ്ഷ്യൻ കലണ്ടറാണ്. ഈജിപ്തുകാർ നൈൽ നദിയെയാണ് കലണ്ടർ നിർമാണത്തിന് അടിസ്ഥാനമാക്കിയത്. ഈജിപ്തിൽ കൃത്യമായി ആവർത്തിക്കപ്പെടുന്ന പ്രതിഭാസമായിരുന്നു നൈൽ നദിയിലെ വെള്ളപ്പൊക്കം. അതിനാൽ കലണ്ടർ നിർമിക്കുവാൻ അവർ വെള്ളപ്പൊക്കത്തെ തെരഞ്ഞെടുത്തു. നദിയിൽ ഏറ്റവും കൂടുതൽ വെള്ളം ഉയരുന്ന ദിവസം പുതുവർഷദിനമായി അവർ ആഘോഷിച്ചു. അതിനു ശേഷം വെള്ളത്തിന്റെ അളവ് നിത്യേന കണക്കാക്കിക്കൊണ്ടിരുന്നു. വെള്ളത്തിന്റെ അളവ് വീണ്ടും ഏറ്റവും ഉയർന്ന നിലയിലെത്താൻ 360 ദിവസം വേണ്ടി വന്നു. അതിനാൽ അവർ തങ്ങളുടെ ഒരു വർഷം 360 ദിവസമായി നിർണയിച്ചു. 30 ദിവസം വീതമുള്ള 12 മാസങ്ങളായും കലണ്ടറിനെ തിരിച്ചു. പിന്നീട് ഈജിപ്ഷ്യൻ ജ്യോതിശ്ശാസ്ത്രജ്ഞൻമാർ സിറിയസ് നക്ഷത്രത്തിന്റെ ഉദയത്തോട് അനുബന്ധിച്ചാണ് നൈലിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നതെന്ന് കണ്ടെത്തി. അതിനാൽ അഞ്ച് ദിവസം കൂടി ചേർത്ത് അവർ കലണ്ടർ പരിഷ്കരിച്ചു.

## ഇസ്ലാമിക കലണ്ടർ

12 മാസവും ഏകദേശം 354 ദിവസവുമുള്ളതും ചന്ദ്രനെ അടിസ്ഥാനമാക്കിയതുമായ കലണ്ടറാണ് ഇസ്ലാമിക് കലണ്ടർ. ഹിജ്റ കലണ്ടർ എന്നും ഇത് അറിയപ്പെടുന്നു. അറബി മാസം എന്നും മലയാളികൾ പറയാറുണ്ട്. ഇത് എല്ലാ വർഷവും സൂര്യനെ അടിസ്ഥാനമാക്കിയുള്ള കലണ്ടറിൽ നിന്നും എകദേശം 11 ദിവസം കുറവായിരിക്കും. ഈ കലണ്ടർ അടിസ്ഥാനമാക്കി വർഷങ്ങളെ ഹിജ്റ വർഷം എന്നും പറയാറുണ്ട്. ഹിജ്റ വർഷം തുടങ്ങുന്നത് മുഹമ്മദ് നബി മക്കയിൽ നിന്നും മദീനയിലേക്ക് പലായനം ചെയ്ത വർഷമാണ്. മുഹർറം, സഫർ, റബീഉൽ അവ്വൽ, റബീഉൽ ആഖിർ, ജമാദുൽ അവ്വൽ, ജമാദുൽ ആഖിർ, റജബ്, ശഅ്ബാൻ, റമദാൻ, ശവ്വാൽ, ദുൽ ഖഅ്ദ്, ദുൽ ഹജ്ജ് എന്നിവയാണ് പന്ത്രണ്ടുമാസങ്ങൾ.

## മലയാളം കലണ്ടർ

മലയാളം കലണ്ടർ പൊതുയുഗം (സി.ഇ) 825-




▸▸ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആസ്ഥാന മന്ദിരം– മാനവ് അധികാർ ഭവൻ






ലാണ് തുടങ്ങിയത്. ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം, മേടം, ഇടവം, മിഥുനം, കർക്കടകം എന്നിങ്ങനെ 28 മുതൽ 32 വരെ ദിവസങ്ങൾ ഉണ്ടാകാവുന്ന പന്ത്രണ്ട് മാസങ്ങളായാണ് കൊല്ലവർഷത്തെ തിരിച്ചിരിക്കുന്നത്.

ഈ കലണ്ടറിന്റെ ആരംഭത്തെപ്പറ്റി പല അഭിപ്രായങ്ങളുണ്ട്. അക്കാലത്ത് കൊല്ലം ഒരു പ്രധാന നഗരമായിരുന്നു. കൊല്ലത്തെ രാജാവായിരുന്ന കുലശേഖരവർമ്മ 825-ൽ വിളിച്ചുചേർത്ത മഹാസമ്മേളനത്തിന്റെ ഓർമ്മക്കായി സ്ഥാപിച്ചതാണ് കൊല്ലവർഷം എന്നതാണ് ഒരു അഭിപ്രായം. പലായനം ചെയ്തെത്തിയ ക്രിസ്ത്യാനി കച്ചവടക്കാർ പുതിയ പള്ളി സ്ഥാപിച്ചു തുടങ്ങിയതാണ് കൊല്ലവർഷം എന്നറിയപ്പെടുന്നത് എന്നും പറയുന്നു. ആദിശങ്കരാചാര്യരാണ് കൊല്ലവർഷം തുടങ്ങിയതു എന്നു വിശ്വസിക്കുന്നവരും ഉണ്ട്.

കേരളീയർക്ക് കൊല്ലവർഷവും തമിഴ്നാട്ടുകാർക്ക് അവരുടേതായ കലണ്ടറും. അങ്ങനെ ഓരോ പ്രദേശത്തുള്ളവർക്കും അവരുടേതായ പ്രത്യേക കലണ്ടർ ഉണ്ടെങ്കിലും നമ്മൾ ജനുവരി ഒന്നാം തീയതിയാണ് പുതുവർഷമായി കണക്കാക്കുന്നത്.

## സി.ഇ

യേശുക്രിസ്തു ജനിച്ച വർഷം മുതലാണല്ലോ പൊതുയുഗം കണക്കാക്കുന്നത്.

മുമ്പൊക്കെ ക്രിസ്തുവിനു മുമ്പ് (ബി.സി) എന്നും ക്രിസ്തുവിനു ശേഷം (എ.ഡി) എന്നുമാണ് വർഷങ്ങളെ തിരിച്ചിരുന്നതെങ്കിലും ക്രിസ്ത്യാനികളല്ലാത്തവർക്കു കൂടുതൽ സ്വീകാര്യമായ 'പൊതുയുഗം' (Common Era) എന്ന പ്രയോഗമാണ് ഇപ്പോൾ പൊതുവിൽ ഉപയോഗിക്കുന്നത്.

## സാമ്പത്തിക വർഷം

ഗ്രിഗോറിയൻ കലണ്ടർ ഉപയോഗിക്കുമ്പോൾ പോലും എല്ലായ്പ്പോഴും ജനുവരി ഒന്നിനല്ല വർഷം തുടങ്ങുന്നത്.

ഇതിന് ഏറ്റവും നല്ല ഉദാഹരണം നമ്മുടെ സ്കൂൾ കലണ്ടർ തന്നെയാണ്. അത് ജൂൺ ഒന്നിനാണല്ലോ തുടങ്ങുന്നത്. അതുപോലെ മറ്റൊന്നാണ് സാമ്പത്തിക വർഷം. അതു നമുക്ക് ഏപ്രിൽ ഒന്നിനാണല്ലോ തുടങ്ങുന്നത്. കൂടാതെ ബിസിനസ് ആവശ്യങ്ങൾക്കായി തികച്ചും വ്യത്യസ്തമായ കലണ്ടറുകൾ ഉപയോഗിക്കാറുണ്ട്.

▸▸ പീപ്പിൾ കോർട്ട് എന്നറിയപ്പെടുന്നത്– ലോക് അദാലത്ത്